പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2827

07.12.2018 ൽ മറുപടിയ്ക്ക്

## കാട്ടാനകൾക്ക് സംരക്ഷണത്തിനായി റെയിൽ മതിൽ നിർമ്മാണം

| | ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും<br>വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വാളയാർ വനമേഖലയിൽ കാട്ടാനകൾക്ക് സംരക്ഷണം ഒരുക്കുന്നതിനായി റെയിൽ മതിൽ നിർമ്മാണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ, വിശദാംശം നൽകുമോ; | (എ) | മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി കേരളാ ഇൻഫ്രാ സ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-യുടെ ധനസഹായത്തോടെ 100 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് 25 കോടി രൂപയുള്ള ഒന്നാം ഘട്ടത്തിന്റെ (Phase-1) ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 5.35 കിലോമീറ്റർ നീളത്തിൽ വാളയാർ ഭാഗത്ത് റെയിൽവേ ലൈനിന് സമാന്തരമായി റെയിൽ ഫെൻസിംഗ് നിർമ്മാണം ഉൾപ്പെട്ടിരുന്നു. ഈ പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ചെലവ് എത്ര കോടി രൂപയാണ്, ഇതിൽ റെയിൽവെയും വനം വകുപ്പും എത്ര ശതമാനം വീതം ചെലവ് വഹിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | വാളയാർ ഭാഗത്ത് നിർമ്മിക്കാനുദ്ദേശിച്ചിരുന്ന 5.35 കി.മീ. റെയിൽ ഫെൻസിംഗിന് 802.50 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത്. പ്രസ്തുത ജോലിക്കായുള്ള ഇൻസ്റ്റലേഷൻ ചാർജ്ജ് വനം വകുപ്പും റെയിൽവെയും തുല്യമായി വഹിക്കുവാനാണ് ശുപാർശ ചെയ്തിരുന്നത്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി വിഹിതം സംബന്ധിച്ച് റെയിൽവേയുമായി എന്തെങ്കിലും തർക്കം നിലവിലുണ്ടോ; വിശദമാക്കമോ? | (സി) | പദ്ധതി നിർവ്വഹണം റെയിൽവെയുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനായി 17.10.2017-ൽ സർക്കാർ റയിൽവേയുമായി നടത്തിയ ചർച്ചയിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. |
| | | | 1. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സെന്റേജ് ചാർജ്ജ് ഉൾപ്പെടെയുള്ള എല്ലാ വർക്കിംഗ് ചാർജ്ജുകളും റെയിൽവെ ഒഴിവാക്കുക.<br><br>2. നിർമ്മാണത്തിനായി റെയിൽവെ നൽകുന്ന റെയിൽ ലൈൻ സ്ക്രാപ്പിന് ചാർജ്ജ് ഈടാക്കാതിരിക്കുക.<br><br>3. വനം വകുപ്പും റെയിൽവെയും ഇൻസ്റ്റാലേഷൻ ചാർജ്ജ് തുല്യമായി വഹിക്കുക.<br><br>എന്നാൽ, ഈ നിർദ്ദേശങ്ങളിൽ റെയിൽവെയുടെ അംഗീകാരം ലഭിക്കാത്തതിനാൽ പദ്ധതി നിർവ്വഹണം നീണ്ടു പോകുകയും വന്യജീവി പ്രതിരോധ മാർഗ്ഗങ്ങൾ നടപ്പിലാക്കേണ്ടതിനാലും KIIFB യിൽ ഉൾപ്പെട്ട ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും Phase-I-ൽ മറ്റു പദ്ധതികൾ ഉൾപ്പെടുത്തേണ്ടതായി വന്നു. നിലവിൽ ഈ പദ്ധതി പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ